2174

# മരീചിക

## മരണം

ഉറയൂരിയ ആ ദിനങ്ങൾ അപരിചിതമാണ്
പുതിയ നിറം, പുതിയഗന്ധം.
സ്പർശനിമേൽ ചത്തുമലച്ച തൊലിപ്പുറത്തും
രസമുകുളങ്ങൾ വിറങ്ങലിച്ച നാവിൻ തുമ്പത്തും
കണ്ണീർ വറ്റിയ കവിൾത്തടങ്ങളിലും
നിസ്സഹായതയുടെ കറുത്ത നിഴലുകൾ മാത്രം.

## നിസ്സഹായത

കാലത്തിന്റെ നിശ്ചലതയിൽ
തലകുത്തിനിൽക്കുന്ന ചരിത്രം
നിലവിളികളെ നിശബ്ദമാക്കുന്നു
അവളുടെ അബലത അവന്റെ ബലമായിമാറുമ്പോഴും
മനസ്സുമരിച്ച മനുഷ്യൻ
തടാകങ്ങളിൽ കാട്ടുതീ പടർത്തുമ്പോഴും
പ്രകൃതിയുടെ പച്ചിമയിൽ
ജ്ഞാനത്തിന്റെ ശവം ചീഞ്ഞളിയുകയായിരുന്നു.
സങ്കടക്കടലിൽ മുങ്ങിത്താഴുന്ന മോഹങ്ങൾ
പൊട്ടിക്കരയാൻ വെമ്പുകയാണ്.

## പ്രതികാരം

എവിടെയോ ഉപേക്ഷിക്കപ്പെട്ട
അൻപതു തുന്നുകളുടെ
ആ ചെരുപ്പിൽ
പുതിയകാലത്തിന്റെ പ്രതിഫലനം.
പെയ്തിറങ്ങാൻ മടിച്ചെങ്കിലും
വിശപ്പിന്റെ തികട്ടലിനെയും
ക്രൂരതയുടെ കറുത്ത നിഴലിനെയും മായ്ക്കാൻ......
ഒരു പ്രളയം, അനിവാര്യം !

ആത്മവിലാപം ;

എല്ലാമൊരു 'തോന്നൽ' മാത്രം
എന്നിലെ പെണ്ണിന്റെ എളിമ
സമ്മതിച്ചില്ല ,
ഈ കൃതിയൊരു പൂർണ്ണവിരാമമിടാൻ.
അതെപ്പോഴും .......
നക്ഷത്രങ്ങളുടെ അംബരങ്ങളിൽ നിന്ന്
വിൺപെരുതുള്ളികൾ പാറയായി പെയ്യുകയായിരുന്നു,
ആ തുള്ളിയിൽ ഒളിച്ചിരുന്ന
ഒരു മരുഭൂമിയെ ഞാൻ പിടികൂടി,
അവിടെ 'പ്രതീക്ഷ'യുടെ വിത്തുകൾ
മുളപൊട്ടുകയായിരുന്നു.

- പ്രകൃതി പറഞ്ഞത് -

"വറ്റിവരണ്ട പുഴയെ സമുദ്രങ്ങൾ നോക്കി ചിരിച്ചോളൂ,
കുടിച്ചുവറ്റിക്കാൻ
ഇനിയും സമുദ്രങ്ങളും
അതിരുകളുടെ ആകാശങ്ങളുമുണ്ടാകും
ഒടുവിൽ
ആ പുഴയുടെ പടം
മനുഷ്യരുടെ മണവും പേറി
അപരരുടെ അതിഥിയായ്
മേഘങ്ങളിലേക്ക് യാത്രയാകും."

'പ്രകൃതിയുടെ തെളിമ നശിക്കുമ്പോൾ
മനുഷ്യന്റെ എളിമ മരിക്കുകയായിരുന്നു.